# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.573 — 29/01/2019-ൽ മറുപടിക്ക്

## ഗ്രീൻചാനൽ സംവിധാനം

| | ചോദ്യം<br><br>**ശ്രീ.കെ.സി.ജോസഫ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഹൈടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കൾക്ക് പുതിയ വൈദ്യുതി കണക്ഷൻ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഗ്രീൻ ചാനൽ സംവിധാനം ആരംഭി ച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ കാലതാമസം കൂടാതെ ലഭ്യമാകുന്ന ഗ്രീൻചാനൽ സംവിധാനം 11.01.2019 മുതൽ ആരംഭിച്ചിട്ടുണ്ട്.<br>വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br>1. കെ.എസ്.ഇ.ബി. വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള HT/EHT ഗ്രീൻ ചാനൽ ലിങ്ക് വഴി ഉപഭോക്താക്കൾക്ക് പ്രസ്തുത സംവിധാനം മുഖാന്തിരം പുതിയ കണക്ഷന് അപേക്ഷിക്കുവാൻ സാധിക്കും.<br>2. എനർജൈസേഷൻ അപ്രൂവൽ അടക്കം ആവശ്യമായ എല്ലാ രേഖകളും ഉള്ള അപേക്ഷകന് നിർദിഷ്ട ഫീസ് അടച്ച് ഓൺലൈനായി പുതിയ കണക്ഷന് അപേക്ഷിക്കാവുന്നതാണ്.<br>3. ശൃംഖലാവികസനം മുൻകൂറായി പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നവർക്ക് ആയതിനുള്ള അപേക്ഷ ആവശ്യമായ രേഖകളുടെ അഭാവത്തിലും നൽകാവുന്നതാണ്.<br>4. അപേക്ഷ തൽക്ഷണം അതാത് സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭിക്കുന്നു.<br>5. ഫീൽഡ് വെരിഫിക്കേഷൻ തുടർന്നുള്ള പ്രവർത്തനങ്ങളുടെ പുരോഗതിയും അപേക്ഷകന് തൽസമയം എസ്.എം.എസ്. ആയി ലഭിക്കുന്നു.<br>6. അപേക്ഷയുടെ പുരോഗതി ഓൺലൈനായി അപേക്ഷകന് നിരീക്ഷിക്കാനുള്ള സംവിധാനവും ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | 7. കോർപ്പറേറ്റ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് തത്സമയം ഓൺലൈൻ അപേക്ഷകൾ ലഭിക്കുകയും പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിക്കാൻ സാധിക്കുകയും ചെയ്യുന്നു.<br><br>8. കാലതാമസം കൂടാതെ ഉപഭോക്താവിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നു. |
| (ബി) | എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ഗ്രീൻചാനൽ സംവിധാനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അത് എന്നത്തേക്ക് പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ബി) | എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ഗ്രീൻചാനൽ സംവിധാനം ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നു. അടുത്ത സാമ്പത്തിക വർഷത്തിൽ ഇത് പ്രവൃത്തിപഥത്തിലെത്തിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ